**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3702** **27-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം കെ.എസ്. ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നടപടികൾ പാതിവഴിയിൽ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച രണ്ടു കോടി രൂപയുടെ സാങ്കേതിക നടപടിക്രമങ്ങൾ ഒരു വർഷമായിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; ഈ സാഹചര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | എം.എൽ.എ. ഫണ്ടിൽ നിന്നും രണ്ടു കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്കായി കെ.എസ്.ആർ.ടി.സി. 23.12.2023-ൽ ടെണ്ടർ സ്വീകരിച്ചിട്ടുള്ളതും ആയത് പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എം. ഹുസൈൻ എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകുകയും പ്രവൃത്തി ചെയ്യുന്നതിനായി 20.03.2024-ൽ സ്ഥലം കൈമാറ്റം ചെയ്യുകയുമുണ്ടായി.<br><br>04.05.2024-ന് ബഹു. പൊതുമരാമത്ത് മന്ത്രിയുമായി ചർച്ച നടത്തി പ്രവൃത്തിയുടെ നിർമ്മാണം ത്വരിതഗതിയിൽ പി.ഡബ്ല്യു.ഡി. മുഖാന്തരം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. പി.ഡബ്ല്യു.ഡി. മുഖേന വീണ്ടും ടെണ്ടർ ക്ഷണിച്ച് എഗ്രിമെന്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകും എന്നതിനാൽ ആദ്യം കരാർ ഏറ്റെടുത്ത ശ്രീ. എം. ഹുസൈനെ കൊണ്ട് തന്നെ Tripartite Agreement ലൂടെ പി.ഡബ്ല്യു.ഡി. മുഖേനയുള്ള പ്രവൃത്തി ചെയ്യിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമാണ്; കരാറുകാരന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തിട്ടുണ്ടോ; | (സി) | ഈ പ്രവൃത്തിയിൽ ഗ്രൗണ്ട്, ഫസ്റ്റ്, Level - 1 എന്നീ ഫ്ലോറുകളുടെ സ്ട്രക്ച്ചറൽ വർക്കുകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. M/s. HLL മുഖാന്തരം ചെയ്തുവരുന്ന Level - 2 ഫ്ലോറിന്റെയും, യാർഡിന്റെയും നിർമ്മാണം 15% പൂർത്തീകരിക്കാനുണ്ട്. കൂടാതെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, ലിഫ്റ്റ്, ഫയർ ആന്റ് സേഫ്റ്റി എന്നിവ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിൽ ഗ്രൗണ്ട് |

| | | | |
|---|---|---|---|
| | | | ഫ്ലോറിന്റെയും യാർഡിന്റെയും നിർമ്മാണം ബഹു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യു.ഡി. മുഖാന്തരം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.<br><br>ഈ പ്രവൃത്തിയുടെ 08.04.2016-ലെ കരാറുകാരായ M/s. Malabar Associates എന്ന സ്ഥാപനത്തിന് 42,82,537.57/- രൂപയുടെ ഫൈനൽ ബിൽ തുക നൽകാനുണ്ട്. കൂടാതെ 13,34,249/- രൂപ റിട്ടെൻഷൻ തുകയായും, 2 ലക്ഷം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായും കരാറുകാരന് നൽകാനുണ്ട്. കൂടാതെ M/s. HLL മുഖാന്തിരം അടിയന്തരമായി പൂർത്തീകരിച്ച സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിർമ്മാണത്തിന് 11,29,610/- രൂപയുടെ ബിൽ തുകയും നൽകാനുണ്ട്.<br><br>Level - 2 ഫ്ലോറിൽ M/s. HLL നടത്തിക്കൊണ്ടിരുന്ന പ്രവൃത്തിയുടെ 1st Part Bill തുകയായ 20.42 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ 12.06.2024-ന് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രവൃത്തി ആരംഭിച്ച് ആറര വർഷം പിന്നിട്ട സാഹചര്യത്തിൽ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് ഇനിയും കാലതാമസം കൂടാതെ എത്രയും വേഗം പണികൾ പൂർത്തീകരിക്കാൻ നിർദേശം നൽകുമോ? | (ഡി) | ടി പ്രവൃത്തി എത്രയും വേഗം പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തീകരിക്കുന്നതിനായുള്ള നടപടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ